# ചിത്രങ്ങളിൽ നിറയുന്ന മദർ തെരേസ

ഫോർട്ട്കൊച്ചി● മദർ തെരേസയ്ക്കു കലാപ്രണാമവുമായി പ്രഫ. ഹെർമൻ കർഡുസ്. മദർ തെരേസയുടെ ജീവിതവുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് ലില്ലി സ്ട്രീറ്റിലെ ലീഡേഴ്സ് ചോയ്സ് ആർട് ഗാലറിയിൽ ആരംഭിച്ച പ്രദർശനത്തിലുള്ളത്. ഒരാളുടെ ജീവിതകാലം മുഴുവൻ പ്രതീക്ഷയും പ്രചോദനവും നൽകാൻ ചിത്രങ്ങൾക്കു കഴിയുമെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഹെർമൻ മദർ തെരേസയുടെ ജീവിതം നിറക്കൂട്ടുകളിലേക്കു പകർത്തിയത്.

ഇതിനായി, മദറിനെ അടുത്തറിയാൻ അവസരം ലഭിച്ച ഒട്ടേറെ ആളുകളുമായി സംവദിക്കുകയും അവർ പകർന്ന മദറിന്റെ ചിത്രം മനസ്സിൽ കോറിയിട്ട ശേഷം ക്യാൻവാസിലേക്കു പകർത്തുകയുമായിരുന്നു.

ഫാ. തമ്പുരാജ്, ഫാ.ലെനാർഡ് തുടങ്ങിയ ഒട്ടേറെ ആളുകളെ ഇതിനായി കണ്ടു, ധാരാളം പുസ്തകങ്ങൾ വായിച്ചു.

തിരുച്ചിറപ്പള്ളി സ്വദേശിയായ ഹെർമൻ അവിടെയുള്ള ലീഡേഴ്സ് ചോയ്സ് ആർട് ഗാലറി ഡയറക്ടറാണ്. കാൻവാസിൽ അക്രലിക് മാധ്യമമാക്കി ചിത്രങ്ങൾ രചിക്കുന്ന ഹെർമൻ അനുരോധ ഊർജം കാഴ്ചക്കാരിലേക്കു പകരുന്നതിൽ ശ്രദ്ധേയനാണ്.



ഫോർട്ട്കൊച്ചി ലില്ലി സ്ട്രീറ്റിലെ ലീഡേഴ്സ് ചോയ്സ് ആർട്ട് ഗാലറിയിൽ ആരംഭിച്ച ദ് ഗോൾഡൻ ഹെവൻ എന്ന പ്രദർശനത്തിലെ ചിത്രങ്ങൾക്കൊപ്പം ചിത്രകാരൻ ഹെർമൻ കാർഡുസ്.

തിരുച്ചിറപ്പള്ളി സെന്റ് ജോസഫ്സ് കോളജിലെ ഫ്രഞ്ച് വിഭാഗം മേധാവിയായിരുന്ന ഹെർമൻ ഇപ്പോൾ തമിഴ്നാട് പൊലീസ് മാസ്റ്റർ ട്രെയിനറാണ്. നൂറിലേറെ ചിത്രങ്ങൾ അടങ്ങുന്ന പ്രദർശനം ഫെബ്രുവരി 22 വരെ തുടരും.